# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 689 — 30.06.2015-ൽ മറുപടിക്ക്

## മോഡൽ ബ്ലഡ് ബാങ്കിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിനെ 2010 ൽ മോഡൽ ബ്ലഡ് ബാങ്കായി ഉയർത്തിയപ്പോൾ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സർക്കാരുമായി ഉണ്ടാക്കിയ എം.ഒ.യു പ്രകാരം ഏതെല്ലാം തസ്തികകൾ പുതുതായി ബ്ലഡ് ബാങ്കിൽ അനുവദിക്കാമെന്ന് പറഞ്ഞിരുന്നുവെന്ന് വിശദീകരിക്കാമോ ; | (എ) | സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സർക്കാരുമായി ഉണ്ടാക്കിയ MoU പ്രകാരം മോഡൽ ബ്ലഡ് ബാങ്കിലെ സ്റ്റാഫ് പാറ്റേൺ ചുവടെ പറയുന്ന വിധമാണ്.<br><br>1. Medical Director - 1<br>2. Administrative Assistant cum Data Entry Operator - 1<br>3. Propaganda Officer (MSW) - 2<br>4. Clerk cum Receptionist - 2<br>5. Medical Officers - 3<br>6. Technician for Donor Screening - 1<br>7. Nurse / Phlebotomist - 3<br>8. Component Lab Technicians - 1<br>9. Inf. Disease Lab Technician - 9<br><br>Vacancies to be filled on contractual basis<br><br>1. Driver - 1<br>2. Attendants for Blood Collection - 2<br>3. Attendants for Laboratory - 5 |
| (ബി) | ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | മോഡൽ രക്ത ബാങ്കിലേക്കായി പ്രത്യേകമായി നിയമനങ്ങൾ നടത്തിയിട്ടില്ല . |

(.....2)

(സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലും ബ്ലഡ് ബാങ്ക് റൂൾസിലും രക്ത ദാതാക്കളിൽ നിന്നും രക്തം ശേഖരിക്കുന്നതിന് ഉത്തരവാദിത്വം ഫ്ലിബട്ടമിസ്റ്റിനാണെന്ന് നിഷ്കർച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തിരുവനന്തപുരം ബ്ലഡ് ബാങ്കിൽ ഈ തസ്തികയിൽ ആളിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) രക്തം ശേഖരിക്കുന്ന വ്യക്തിയേയാണ് ഫ്ലിബോട്ടമിസ്റ്റ് എന്നു പറയുന്നത്.

Drugs & Cosmetic and (amendment) Rules 1997 "(Blood Bank Rules)" അനുസരിച്ച് രക്ത ബാങ്കിൽ രജിസ്റ്റേർഡ് നഴ്സുമാർ നിർബന്ധമായും വേണമെന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ രേഖകളിലും നഴ്സ് / ഫ്ലിബോട്ടമിസ്റ്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. നഴ്സുമാർ തന്നെ ഫ്ലിബോട്ടമി ചെയ്യണമെന്ന് തന്നെയാണ് വാക്കാൽ അവർ ആവശ്യപ്പെടാറുള്ളത്. നഴ്സുമാരുടെ അഭാവത്തിൽ അവശ്യഘട്ടങ്ങളിൽ പരിശീലനം ലഭിച്ച യോഗ്യതയുള്ള ആർക്കും ഫ്ലിബോട്ടമി ചെയ്യാം.

സെക്ഷൻ ഓഫീസർ